LIBRARY ARCHIVES Kerala Legislative Assembly

പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്ന കക്കൂസ് മാലിന്യം

235 (4278) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തുകളിൽ വ്യാപകമായ തോതിൽ കക്കൂസ് മാലിന്യം ടാങ്കർ ലോറികളിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗുരുതരമായ ഈ പ്രശ്നം തടയുന്നതിനായി ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നത് ഒഴിവാക്കുന്നതടക്കമുള്ള കർശന നടപടികൾ കൈക്കൊള്ളാൻ തയ്യാറാകുമോ;

(സി) ഗ്രാമപഞ്ചായത്തുകളുടെ പ്രധാന കേന്ദ്രങ്ങളിലടക്കം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും പഞ്ചായത്തുകൾ ഇതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അനുമതി നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)പൊതുനിരത്തുകളിൽ അപൂർവ്വമായി നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാലിന്യം നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ വാഹനം പിടിച്ചെടുത്ത് പോലീസിന് കൈമാറുകയും കേരള മുനിസിപ്പൽ ആക്ട് 340 എ&ബി എന്നീ വകുപ്പുകൾ പ്രകാരം പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പഞ്ചായത്തുകളിൽനിന്ന് നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

വിദ്യാലയങ്ങൾക്കും ഹോസ്റ്റലുകൾക്കും സമീപം ലഹരിവസ്തുക്കൾ തടയാൻ നടപടി

236 (4279) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങൾക്കും ഹോസ്റ്റലുകൾക്കും സമീപം പുകയില ഉല്പന്നങ്ങളും ലഹരിവസ്തുക്കളും വിൽക്കുന്നതും ഉപയോഗിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;